**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- ഡോ. ഗായത്രി.ജി, ജൂനിയർ കൺസൽട്ടന്റ് (ജനറൽ മെഡിസിൻ) തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് നിയമനംനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സ ഉ(സാധാ) നം. 581/2017/ആ.കു.വ തീയതി 07.03.2017
2. ഇ എ1- 33740(1)/17/ആ.കു.വ തീയതി 16.12.2017
3. ഡോ. ഗായത്രി.ജി സമർപ്പിച്ച അപേക്ഷ

**ഉത്തരവ് നം. ഇ.എ1- 1040/2018/ആ.വ.ഡ തീയതി 27.02.2018**

പരാമർശം (1) പ്രകാരം, കോട്ടയം അയർകുന്നം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജനായ ഡോ. ഗായത്രി.ജി യ്ക്ക് കൊല്ലം പാരിപ്പള്ളി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ സീനിയർ റസിഡന്റായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകി ഉത്തരവായിരുന്നു. എന്നാൽ പരാമർശം (2) പ്രകാരം, ഡോ. ഗായത്രി.ജി യ്ക്ക് ജൂനിയർ കൺസൽട്ടന്റ് (ജനറൽ മെഡിസിൻ) തസ്തികയിൽ സ്ഥാനം നൽകുകയും അന്യത്ര സേവന വ്യവസ്ഥയിൽ തുടരുവാൻ അനുമതി നൽകുകയും ചെയ്തിരുന്നു.

അന്യത്ര സേവന കാലയളവ് 09.03.2018 ൽ പൂർത്തിയാകുകയാണെന്നും ആയതിനാൽ 10.03.2018 മുതൽ ആരോഗ്യവകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിക്കാൻ നിയമന ഉത്തരവിനായി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, ഡോ. ഗായത്രി.ജി -യെ **ഇടുക്കി നെടുങ്കണ്ടം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജൂനിയർ കൺസൽട്ടന്റ് (ജനറൽ മെഡിസിൻ)** തസ്തികയിലേക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടിയാരി ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്. മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

ഒപ്പ്
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
ഡോ. ഗായത്രി.ജി, ജൂനിയർ കൺസൽട്ടന്റ് (ജനറൽ മെഡിസിൻ)

പകർപ്പ്:
1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം
2. പ്രിൻസിപ്പാൾ, ഗവൺമെന്റ് മെഡിക്കൽ കോളേജ് പാരിപ്പള്ളി, കൊല്ലം
3. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ
4. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ
5. ഫയൽ/ കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്